കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# യൂണിയൻ എക്സൈസ് ഡ്യൂട്ടികൾ (വിതരണം) ആക്ററ്, 1962

(1962-ലെ 3-ാം നമ്പർ ആക്ററ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# യൂണിയൻ എക്സൈസ് ഡ്യൂട്ടികൾ (വിതരണം) ആക്റ്റ്, 1962

(1962-ലെ 3-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

# യൂണിയൻ എക്സൈസ് ഡ്യൂട്ടികൾ (വിതരണം) ആക്റ്റ്, 1962

(1962-ലെ 3-ാം നമ്പർ)

[1962 മാർച്ച്, 30]

ധനകാര്യകമ്മീഷൻ, അതിന്റെ 1973 ഒക്ടോബർ 28-ാം തീയതിയിലെ റിപ്പോർട്ടിൽ രൂപവൽക്കരിച്ചിട്ടുള്ള വിതരണ തത്വങ്ങളും ചെയ്തിട്ടുള്ള ശിപാർശകളും അനുസരിച്ച് ചില യൂണിയൻ എക്സൈസ് ഡ്യൂട്ടികളുടെ അററവരവുകളുടെ ഒരു ഭാഗം സ്റ്റേറ്റുകൾക്കിടയിൽ വിതരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യാനുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പതിമൂന്നാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് യൂണിയൻ എക്സൈസ് ഡ്യൂട്ടികൾ (വിതരണം) ആക്റ്റ്, 1962 എന്ന് പേർ പറയാവുന്നതാണ്.

2. നിർവ്വചനം.—ഈ ആക്റ്റിൽ, "വിതരണം ചെയ്യപ്പെടാവുന്ന യൂണിയൻ എക്സൈസ് ഡ്യൂട്ടികൾ" എന്ന പദത്തിന്, കേന്ദ്രഎക്സൈസുകളും ഉപ്പും ആക്റ്റ്, 1944 (1944-ലെ 1)-ൻ കീഴിൽ ലെവി ചെയ്യപ്പെട്ടതും പിരിക്കപ്പെട്ടതുമായ എക്സൈസ് ഡ്യൂട്ടികളുടേയും, ഖനിജോത്പന്നങ്ങൾ (എക്സൈസ്—കസ്റ്റംസ് കൂടുതൽ ഡ്യൂട്ടികൾ) ആക്റ്റ്, 1958 (1958-ലെ 2)-ൻ കീഴിൽ ലെവി ചെയ്യപ്പെട്ടതും പിരിക്കപ്പെട്ടതും ആയ എക്സൈസ് ഡ്യൂട്ടികളുടേയും അററവരവുകളുടെ ഇരുപത് ശതമാനം എന്നർത്ഥമാകുന്നതും, അതിൽ 1976-'77-ം, 1977-'78-ം 1978-'79-ം സാമ്പത്തിക വർഷങ്ങൾ സംബന്ധിച്ച് യഥാക്രമമുള്ള ആ വർഷങ്ങളിലെ ധനകാര്യ ആക്റ്റുകൾക്ക് കീഴിൽ, ലെവി ചെയ്യപ്പെട്ടതും പിരിക്കപ്പെട്ടതും ആയ സഹായക എക്സൈസ് ഡ്യൂട്ടികളുടെ ഇരുപത് ശതമാനം ഉൾപ്പെടുന്നതുമാകുന്നു.

3. യൂണിയൻ എക്സൈസ് ഡ്യൂട്ടികളുടെ ഒരു ഭാഗം സ്റ്റേറ്റുകൾക്കിടയിൽ വിതരണം ചെയ്യൽ.—1974 ഏപ്രിൽ 1-ാം തീയതിയും, അതിനുശേഷവും ആരംഭിക്കുന്ന ഓരോ സാമ്പത്തിക വർഷത്തിലും, ഇൻഡ്യയുടെ സഞ്ചിതനിധിയിൽനിന്ന് താഴെ റേറബിളിലെ 1-ാം കാളത്തിൽ വിനിർദ്ദേശിക്കുന്ന ഓരോ സ്റ്റേറ്റിനും വിതരണം ചെയ്യപ്പെടാവുന്ന യൂണിയൻ എക്സൈസ് ഡ്യൂട്ടികളുടെ, ആ സ്റ്റേറ്റിനുനേരെ 2-ാം കാളത്തിൽ പ്രതിപാദിക്കുന്ന ശതമാനം കൊടുക്കേണ്ടതാകുന്നു.

റേറബിൾ

| (1) | (2) |
|---|---|
| സ്റ്റേറ്റ് | ശതമാനം |
| ആന്ധ്രാപ്രദേശ് | 8.16 |
| ആസ്സാം | 2.71 |
| ബീഹാർ | 11 47 |
| ഗുജറാത്ത് | 4 57 |
| ഹരിയാന | 1.53 |
| ഹിമാചൽപ്രദേശ് | 0 63 |

| (1) | (2) |
|---|---|
| ജമ്മു-കാശ്മീർ | 0.90 |
| കർണ്ണാടക | 5.45 |
| കേരളം | 3.86 |
| മദ്ധ്യപ്രദേശ് | 8.51 |
| മഹാരാഷ്ട്ര | 8.58 |
| മണിപ്പൂർ | 0.21 |
| മേഘാലയ | 0.19 |
| നാഗാലാൻഡ് | 0.11 |
| ഒറീസ്സാ | 4.06 |
| പഞ്ചാബ് | 1.87 |
| രാജസ്ഥാൻ | 5.00 |
| തമിഴ്നാട് | 7.43 |
| ത്രിപുര | 0.30 |
| ഉത്തർപ്രദേശ് | 17.03 |
| പശ്ചിമബംഗാൾ | 7.79 |

4. വ്യയം, ഇൻഡ്യയുടെ സഞ്ചിതനിധിയിൻമേൽ ചാർജ്ജാക്കപ്പെടേണ്ടതാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിലുള്ള ഏതെങ്കിലും വ്യയം ഇൻഡ്യയുടെ സഞ്ചിതനിധിയിൻമേൽ ചാർജ്ജാക്കപ്പെടേണ്ടതാകുന്നു.

5. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഏതു സമയത്തും ഏതു രീതിയിലും ആണ് ഒരു സാമ്പത്തിക വർഷവും മറ്റൊരു സാമ്പത്തികവർഷവും തമ്മിൽ സമായോജനം ചെയ്യുന്നതിനുവേണ്ടിയും, ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും സംഖ്യ കൊടുക്കേണ്ടത് എന്നുള്ളതിനെപ്പറ്റിയും, ആനുഷംഗികമോ സഹായകമോ ആയ മറ്റു ഏതെങ്കിലും വിഷയങ്ങൾക്കുവേണ്ടിയും വ്യവസ്ഥ ചെയ്യുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടുപിന്നീടുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള ഏതിന്റെയെങ്കിലും സാധുതക്ക് ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

6. റദ്ദാക്കൽ.—[1974-ലെ 56-ാം നമ്പർ ആക്റ്റിനാൽ റദ്ദാക്കപ്പെട്ടു]

പട്ടിക.—[1965-ലെ 47-ാം നമ്പർ ആക്റ്റിനാൽ വിട്ടുകളയപ്പെട്ടു.]